കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലൈ 6, ചൊവ്വ

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 1999 ജൂലൈ മാസം 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം *311-ഉം *314-ഉം ക്ലബ്ബ് ചെയ്ത് എടുക്കാം

1 (*311) റോഡുകളുടെ ആധുനിക നിർമ്മാണ പ്രവൃത്തികൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണം കൂടുതൽ ബലവത്താക്കാൻ സർക്കാർ എന്തെല്ലാം ആധുനിക നിർമ്മാണ പ്രവൃത്തികൾ നടത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പണിനടത്തിയ റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇവയ്ക്ക് എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സാങ്കേതികവിദ്യ ഫലപ്രദമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) റോഡുകളുടെ നിർമ്മാണം ബലപ്പെടുത്താൻ പ്രധാനമായും വേണ്ടത് കൂടുതൽ ബലവത്തായ അടിത്തറയാണ്. ഇപ്പോൾ സാധാരണയായി നൽകിവരുന്നത് 150 മി.മീ. മെറ്റലിംഗും അതിനുമുകളിൽ 20 മി.മീ. കനത്തിലുള്ള ചിപ്പിംഗ് കാർപ്പറ്റുമാണ്. ഇതിനുപകരം 50 മി.മീ. കനത്തിൽ ടാർ ചേർത്ത ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിക്കുകയാണെങ്കിൽ റോഡ് കൂടുതൽ ബലവത്താകും. അതിനപ്പുറം 50 മി.മീ. ബിറ്റുമിനസ് മെക്കാഡവും 25 മി.മീ. ആസ്ഫാൾട്ടിക് കോൺക്രീറ്റും കൂടി ഉപയോഗിച്ചുള്ള നിർമ്മാണരീതി

LIBRARY ARCHIVES Kerala Legislative Assembly

യുമുണ്ട് (ബി.എം. ആന്റ് എ.സി.). ഇത്തരം റോഡ് നിർമ്മാണത്തിലൂടെ കൂടുതൽ ബലവത്തായ റോഡുകൾ നിർമ്മിക്കാൻ സാധിക്കും. കൂടാതെ റബ്ബ റൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് റോഡ് നിർമ്മിക്കാം എന്ന സാങ്കേതിക ഉപദേശം സമീപകാലത്ത് ലഭ്യമായിട്ടുണ്ട്.

(ബി)&(സി) ആധുനിക സാങ്കേതികവിദ്യയുപയോഗിച്ച് പണിനടത്തിയ റോഡുകളും അവയ്ക്ക് ചെലവായ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു†

(ഡി)&(ഇ) മേൽപ്പറഞ്ഞ സാങ്കേതിക വിദ്യകൾ അംഗീകരിക്കപ്പെട്ടവയാണ്. റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചുള്ള രീതി പുതിയതാണ്.

2 (*314) റോഡുപണികളുടെ ഗുണനിലവാരം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ പണികളിൽ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് വിശദീകരിക്കുമോ;

(ബി) ഗുണനിലവാരം പരിശോധിക്കുന്നതിന് നിയുക്തരായിട്ടുള്ള ഉദ്യോഗസ്ഥർ ഗുണമേൻമ സംബന്ധിച്ച റിപ്പോർട്ട് നൽകാറുണ്ടോ;

(സി) പൊതുമരാമത്തു പണികളിൽ വീഴ്ചവരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ;

(ഡി) എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഈ വ്യവസ്ഥകൾ പ്രകാരം ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) പ്രധാനപ്പെട്ട ജോലികൾക്ക് ജോലിസ്ഥലത്ത് കോൺട്രാക്ടർമാർതന്നെ ഗുണനിയന്ത്രണ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും പരിശോധന നടത്തുന്നതിനും വ്യവസ്ഥയുണ്ട്. ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എഞ്ചിനീയറും പണിതുടങ്ങുന്നതിനു മുമ്പും പണി നടക്കുന്ന സമയത്തും ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന നിബന്ധനയുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന രണ്ട് ഗുണനിയന്ത്രണ വിഭാഗങ്ങൾ ദേശീയപാതയുടെ ഗുണനിലവാര മേൽനോട്ടത്തിനായി പ്രവർത്തിക്കുന്നുണ്ട്. ധനകാര്യവകുപ്പിന്റെ കീഴിലുള്ള ഫൈനാൻസ് ഇൻസ്പെക്ഷൻ (വർക്സ്) വിഭാഗവും മരാമത്തുപണികളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്.

(ബി) കാലാകാലങ്ങളിൽ റിപ്പോർട്ട് നൽകുന്നുണ്ട്.

(സി)&(ഡി) വ്യവസ്ഥയുണ്ട്. അതു സംബന്ധിച്ച് നടപടികളെടുത്തതിന്റെ വിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

---

† അനുബന്ധം - I

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 1

(6.7.99 ലെ ചോദ്യം നമ്പർ 1 (*311) ന്റെ ഉത്തരം ദയവായി കാണുക)

Sl.No.	Name of work	Expenditure (upto 3/99) (Rs.in Lakhs)	Stage
1.	Kottayam-Kumily Road 5 K.M. (Rubberised)	13.260	-
2.	Mannarakulanhi-Plappally Road (10 K.M. (BM & AC)	180.00	
3.	I. Strengthening works with BM&AC Strengthening with BM and AC to the existing work two lane from KM 570 to 581/600 of NH 47 Estimate Amount 357.25 Lakhs	330.33	Completed
4.	Strengthening work two lane payment providing 100 mm BM and 25mm A.C. from K.M. 312/430 to 331/527 of NH 47 Estimate Amount 1140.00 lakhs	771.93	In progress
5.	Strengthening work two lane payment with BM and AC from KM. 470/300 to 474/700 of NH 47 Estimate Amount 137.64 lakhs	11.77	-do-
6.	Chalakkudy bye-pass providing 100mm BM and 25mm A.C. from KM. 228/400 to 303/765 Estimate Amount 316.35 lakhs	228.78	-do-
7.	Strengthening two lane section with BM and AC from KM. 482 to 489 of NH 47 Estimate Amount 261.74 lakhs	19.69	-do-
8.	Strengthening two lane section with BM and AC from KM. 387/300 to 390/570 of NH 47. Estimate Amount 255.37 lakhs	92.11	-do-
9.	Strengthening work two lane payment with BM and AC from Ch.0 to 3750 M and repair to Bridge at Ch.1230 m on NH 47A. Estimate Amount 138.58 lakhs	7.14	In progress

LIBRARY ARCHIVES Kerala Legislative Assembly

10.	Strengthening with BM and AC from KM. 428/200 to 433/800 of NH 47. Estimate Amount 77.64 lakhs	60.12	Completed
11.	Strengthening the existing 2 lane carriage way with BM and AC from KM. 268/200 to 278/490 Trichur Bye-pass. Estimate Amount 411.10 lakhs	327.28	Completed
	II. Externally Aided Projects		
12.	Four laning and strengthening of NH 47 from Aluva to Cherthala under ADS 100 lakhs assistance Estimate amount Rs.145 crores	122.72 Crores	
	III. Soil stabilisation works		
13.	Thiruvananthapuram-Neyyattinkara Bye-pass portion from Akkulam to Chackai	515.00	In progress
14.	Calicut Bye Pass Phase I	1068.00	-do-

അനുബന്ധം 2

(6.7.99 ലെ ചോദ്യം നമ്പർ 2 (*314) ന്റെ ഉത്തരം ദയവായി കാണുക)

	Name of work in which irregularities were noticed	Name and designation of the departmental officers who were charge-sheeted/being charge-sheeted
1.	Improvements, metalling, tarring and construction of retaining will all Althara road balance portion in Bappur Panchayath	Sri. A. Karunakaran, Asst.Engineer, Block Office, Vandoor, Malappuram District.
2.	Construction of C.S.I. Church Kailasapara Road in Nedunkandam	Sri.K.G. Vasudevan, Asst. Exe. Engineer, Dist. Rural Dev. Agency, Idukki and Sri.K.S. Asokan, Asst. Engineer, Block Office, Idukki.
3.	Panpadunpara-Mannakkudy panchayat road under JRY Scheme 1996-97	Sri.K.G. Vasudevan, Exe. Engineer, Roads Sub Division, Kothamangalam and Sri.K.S. Asokan, Asst. Engineer, Kerala Highway Research Institute, Thiruvananthapuram.
4.	Natural Calamities flood 96-97 of Paruthithodu-Kudiyiruppu road and Natural Calamities 95-96 repair and reconstruction of St.Joseph's Priest Home Road in Kanjoor Panchayath.	Sri. Thankachan, Asst. Engineer, Block Office, Angamaly.

LIBRARY ARCHIVES Kerala Legislative Assembly